HLM-0062

The Heavenly Light Ministry

1. എത്ര നല്ലവൻ എൻ യേശുനായകൻ
ഏതു നേരത്തും നടത്തിടുന്നവൻ (2)
എണ്ണിയാൽ തീർന്നിടാ നന്മകൾ ചെയ്തവൻ
എന്നെ സ്നേഹിച്ചവൻ ഹല്ലേലുയ്യാ (2)

2. നായകനവൻ നമുക്കു മുമ്പിലായ്
നൽവഴികളെ നിരത്തിടുന്നവൻ (2)
നന്ദിയാൽ പാടും ഞാൻ നല്ലവനേശുവേ
നാടെങ്ങും ഘോഷിക്കും നിൻ മഹാസ്നേഹത്തെ (2)

3. പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ
പൊന്മുഖം കണ്ടു ഞാൻ യാത്ര ചെയ്തീടുവാൻ
പൊന്നുനാഥൻ കൃപ ഏകുമീ പൈതലേ